# പ്ലാച്ചിമടയുടെ സമരനായിക

**പ്ലാച്ചിമടയുടെ** അതിജീവന സമരനായിക മയിലമ്മ ഇക്കഴിഞ്ഞ ജനുവരി 6-ന് നിര്യാതയായി. അവർ ഇനി ജ്വലിക്കുന്ന ഓർമ. ആഗോള സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് ആവേശം പകരുന്ന ഓർമ. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പോലും സ്വാധീനം ചെലുത്താൻ കഴിവുള്ള കോളഭീമനെ, നിരക്ഷരരായ മയിലമ്മയും ഒരു കൂട്ടം ആദിവാസികളും സമരം നടത്തി കേരളത്തിന്റെ മണ്ണിൽ പരാജയപ്പെടുത്തിയെന്നത് ചരിത്രസത്യം. സമരത്തിന്റെ പ്രത്യയശാസ്ത്രത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുള്ള അവർക്ക് അതൊരു അതിജീവനപോരാട്ടം തന്നെയായിരുന്നു. തങ്ങളുടെ മണ്ണിനടിയിലെ വെള്ളത്തെ ആശ്രയിച്ചാണ് തലമുറകൾ നിലനിൽക്കുന്നതെന്നും അത് ദൈവം നൽകിയ വരദാനമാണെന്നും അവർ ഉറച്ചു വിശ്വസിച്ചു. പരസ്പരം കടിച്ചുകീറുന്ന രാഷ്ട്രീയ, രാഷ്ട്രീയേതര സന്നദ്ധ സംഘടനാ നേതാക്കളെ ഒരുമിച്ച് ഒരു സമരപ്പന്തലിൽ അണിനിരത്താനും അവരെ നിഷ്പ്രഭരാക്കി സമരം നയിക്കാനുമുള്ള തന്റേടം മയിലമ്മക്കുണ്ടായിരുന്നു.



*പ്ലാച്ചിമടയിൽ സോളിഡാരിറ്റി സ്ഥാപിച്ച ചെക്പോസ്റ്റ് മയിലമ്മ ഉദ്ഘാടനം ചെയ്തപ്പോൾ*

സോളിഡാരിറ്റി യൂത്ത് മൂവ്മെന്റിനെക്കുറിച്ച് അവർ എപ്പോഴും ആവേശത്തോടെ സംസാരിച്ചു. സോളിഡാരിറ്റിയാണ് ഞങ്ങൾക്ക് പ്രചോദനം എന്ന് അവർ സർവരോടും പറഞ്ഞു. ഏതാപത്തിലും സോളിഡാരിറ്റി കൂടെയുണ്ടാകുമെന്ന് അവർക്കുറപ്പായിരുന്നു. സ്വാർഥ താൽപര്യക്കാർ കോളവിരുദ്ധ സമരത്തെ തകർക്കാൻ ശ്രമിച്ചപ്പോഴും അവർ സോളിഡാരിറ്റിക്കൊപ്പം നിന്ന് സമരത്തിന്റെ ദിശ തെറ്റാതെ നിയന്ത്രിച്ചു. അമേരിക്കയിലെ ഗവേഷണ വിദ്യാർഥികൾ പ്ലാച്ചിമട സന്ദർശിച്ചപ്പോൾ സോളിഡാരിറ്റിയാണ് ഞങ്ങളുടെ പ്രചോദനം എന്നവർ പറഞ്ഞു. ഈ വിദ്യാർഥികൾ പിന്നീട് സോളിഡാരിറ്റി നേതാക്കളെ കണ്ട് സംഭാഷണം നടത്തുകയുണ്ടായി. 'ഒരു പിടി അരിയും ഒരു കുടം വെള്ളവുമായി പ്ലാച്ചിമടയിലേക്ക്' എന്ന മുദ്രാവാക്യമുയർത്തി പ്ലാച്ചിമടയിൽ നടന്ന സമ്മേളനത്തിൽ കേരളത്തിന്റെ നാനാഭാഗത്തുനിന്നും സോളിഡാരിറ്റി പ്രവർത്തകർ കൊണ്ടുവന്ന ഭക്ഷണസാധനങ്ങൾ ഏറ്റുവാങ്ങിയത് മയിലമ്മയാണ്. കോളവിരുദ്ധ ജനകീയ ചെക്ക് പോസ്റ്റ് ഉദ്ഘാടനം ചെയ്തതും അവർതന്നെ.

നാലു വർഷം മുമ്പ് തുടങ്ങിയ സമരം അവർക്ക് ജീവിതത്തിന്റെ ഭാഗംതന്നെയായിരുന്നു. വീട് വൃത്തിയാക്കും പോലെ മുറ്റത്ത് വെള്ളം തളിച്ച് പൊടിപാറാതെ അവർ സമരമുറ്റവും അടിച്ചു വൃത്തിയാക്കും. പന്തലിൽ വെച്ച് തന്നെ കഞ്ഞിയുണ്ടാക്കി സഹപ്രവർത്തകർക്ക് വാത്സല്യത്തോടെ നൽകും. അവരുണ്ടാക്കിത്തന്ന കഞ്ഞിയും ചെറുപയർ പുഴുക്കും ഒരുപാട് തവണ ഈയുള്ളവനും സഹപ്രവർത്തകൻ ലുഖ്മാനും കഴിച്ചിട്ടുണ്ട്. ഞങ്ങളെ ഒരാഴ്ച കാണാതായാൽ ഉടൻ ഫോൺ ചെയ്യും, വിവരങ്ങൾ അന്വേഷിക്കും. സമരരംഗത്തുള്ളവർ തമ്മിലുള്ള അഭിപ്രായ ഭിന്നതകൾ പരിഹരിക്കാൻ സംസ്ഥാന നേതാക്കളുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചുചേർത്തപ്പോൾ 'സോളിഡാരിറ്റി എന്തു പറഞ്ഞാലും ഞാൻ കേൾക്കും' എന്ന മനസ്സിൽ തട്ടിയുള്ള മറുപടിയായിരുന്നു അവരുടേത്.

ഇടക്കാലത്ത് പ്ലാച്ചിമട സമരപ്രവർത്തകർ തമ്മിലുണ്ടായ അഭിപ്രായ ഭിന്നതകളുടെ പേരിൽ കോളക്കമ്പനിക്കു മുമ്പിലെ സമരപ്പന്തലിൽ അവർ വന്നിരുന്നില്ല. എങ്കിലും സാമ്രാജ്യത്വ കുത്തകയോട് അടങ്ങാത്ത അമർഷവും വെറുപ്പും അവർ കാത്തുസൂക്ഷിച്ചിരുന്നു. നിരക്ഷരയും ദരിദ്രയുമായ മയിലമ്മ എന്ന ആദിവാസി സ്ത്രീയുടെ നേതൃത്വത്തിൽ നടന്ന സാമ്രാജ്യത്വവിരുദ്ധ പോരാട്ടം ഒരുപാട് സന്ദേശങ്ങൾ നമുക്ക് നൽകുന്നുണ്ട്.

മയിലമ്മയുടെ മൃതദേഹം രണ്ടു മണിക്കൂർ പൊരിവെയിലിൽ കിടത്തി അവരെ ചിലർ അപമാനിച്ചു. പ്ലാച്ചിമടയിലെ വെയിൽ മയിലമ്മക്കൊരിക്കലും പ്രശ്നമായിരുന്നില്ല. സമരപ്പന്തൽ അവർക്ക് തണലുമായിരുന്നില്ല. മറിച്ച് മയിലമ്മ സമരത്തിന്റെ താങ്ങും തണലുമായിരുന്നു. അത് വിസ്മരിച്ചവർ ചരിത്രം മറക്കാതിരുന്നാൽ നന്ന്. രാജ്യത്തെ ആദിവാസി-ദലിത് മുന്നേറ്റം കൊതിക്കുന്നവർക്ക് പ്രചോദനമാണ് മയിലമ്മ.

**എം. സുലൈമാൻ**

(സോളിഡാരിറ്റി പാലക്കാട് ജില്ലാ സെക്രട്ടറി)